**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**08 MARCH 2019**

**30 JAMADI'UL AAKHIR 1440 AH**

# JIHAD : NEVER THROUGH COMPULSION !

# ജിഹാദ് : ഒരിക്കലും നിർബന്ധപൂർവ്വം ആയിരിക്കരുത്

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ജിഹാദ് : ഒരിക്കലും നിർബന്ധപൂർവ്വം ആയിരിക്കരുത്** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹു (ത) വിശുദ്ധഖുർ ആനിൽ പറയുന്നു "മതത്തിൽ നിർബന്ധമില്ല" 2:257)

ഇന്ന് ലോകത്ത് നിലനില്ക്കുന്ന അവസ്ഥകൾ പരിഗണിക്കുമ്പോൾ, തീർച്ചയായും ഏറ്റവും അറിയപ്പെടുന്ന ഒരു ഖുർആനിക വചനമാണിത്, മാത്രമല്ല കാലിക പ്രസക്തവുമാണ് പ്രസ്തുത വചനം! വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ, മൊത്തത്തിൽ അറിവില്ലാത്ത ആളുകൾ പോലും, പ്രസ്തുത വചനം കേട്ടിട്ടുണ്ടാവും, മതങ്ങൾക്കിടയിലുള്ള ബന്ധം, ഈ വചനം, എടുത്തുകാട്ടുന്നു. ഈ കാര്യത്തിൽ ഇസ്ലാമിന്, വിശ്വാസകാര്യത്തിൽ, മതവിശ്വാസങ്ങളിൽ, എന്ത് നിർബന്ധമാണ് ചെലുത്തുവാൻ സാധിക്കുന്നത്?

മറ്റു ജമാഅത്തുകളിൽപെടുന്ന ചില പണ്ഡിതന്മാർ, ഈ വെളിപാട് വചനത്തിന് ശേഷവും, മതകാര്യത്തിൽ നിർബന്ധം ചെലുത്തുന്നത് തികച്ചും അനുവദനീയമാണ് എന്ന് തെളിയിക്കുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ഞങ്ങൾ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, പ്രബോധിക്കുന്നത് അതിനെതിരാണ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഈ വചനത്തെ പൂർണ്ണമായും അംഗീകരിക്കുകയാണ്. ഈ സന്ദേശത്തെ പൂർണ്ണമായും ആദരിക്കുകയും ചെയ്യുന്നു. യാഥാസ്ഥിതിക വിഭാഗം മുന്നോട്ടുവെയ്ക്കുന്ന വിശ്വാസത്തിൽ നിന്നും തികച്ചും ഭിന്നമായ ഒരു കാഴ്ചപ്പാടാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം മുന്നോട്ടു വെയ്ക്കുന്നത്.

സമ്മർദ്ദം ചെലുത്തുന്നത് നിരോധിക്കപ്പെട്ട കാര്യമാണ് എന്നതിൽ യാതൊരു സംശയവുമില്ല, വിശ്വാസകാര്യത്തിൽ, ഏത് രീതിയിലാണെങ്കിലും ശരി, അത്തരം മാർഗങ്ങളിലൂടെ ലക്ഷ്യം നേടാൻ അസാധ്യമായ കാര്യവുമാണ്. താഴെപറയുന്ന വചനം ഇതാണ് നമ്മെ പഠിപ്പിക്കുന്നത്.

## TWO FORMS OF COMPULSION/ സമ്മർദ്ദത്തിന്റെ രണ്ട് രീതികൾ

സമ്മർദ്ദം രണ്ട് രീതിയിൽ ഉണ്ടാകാവുന്നതാണ്

1. ഒരു മതം വ്യാപിപ്പിക്കുന്നതിന് ശക്തി ഉപയോഗിക്കുക
2. ശക്തി ഉപയോഗിച്ച് ഒരാളെ തന്റെ മതത്തിൽ നിന്നും മാറ്റുക

ഈ വചനം നമ്മോട് പറയുന്നത്, ഒരു പുതിയ വിശ്വാസം ഉൾക്കൊള്ളുവാൻ നമുക്ക് മറ്റൊരാളുടെമേൽ ശക്തി പ്രയോഗിക്കുവാൻ കഴിയില്ല. അതു മാത്രമല്ല അവന്റെ മതം ഉപേക്ഷിക്കുവാനും, ശക്തിചെലുത്തുവാൻ, നമുക്കാവില്ല. അവർക്ക് അങ്ങേഅറ്റം ചെയ്യാവുന്ന കാര്യം, ഇസ്ലാമിനെ, അതിന്റെ ഏറ്റവും വിശ്വസ്തരായ വിശ്വാസികളിൽ നിന്നും, വേർപിരിച്ച് നിർത്തുവാൻ കഴിയും. പക്ഷേ, വിജയിക്കില്ല, കാരണം പ്രസ്തുത വചനം നമ്മോട് ഇതു കൂടി പറയുന്നു..........

മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുഃശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണു പിടിച്ചിരിക്കുന്നത് (എന്ന് ധരിച്ചുകൊള്ളുക) അത് ഒരിക്കലും മുറിഞ്ഞു പോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു (2:257)

ഈ വചനത്തിന്റെ ഏറ്റവും പ്രത്യക്ഷമായ അർത്ഥം ഇതുതന്നെയാകുന്നു. മതത്തിലേക്ക് വരാൻ സമ്മർദ്ദം ചെലുത്താൻ കഴിയില്ല എന്നും, മതത്തിൽ ആരേയും നിർബന്ധിച്ചുമാറ്റുവാൻ കഴിയില്ല എന്നുമുള്ള യാഥാർത്ഥ്യം ബോധ്യമാകാത്തവർ, അത് ബോധ്യമാകുന്നതിനായി പരിശ്രമിക്കേണ്ടതാണ്. ഈ ഖുർആനിക വചനത്തിന്റെ സത്യത ചരിത്രം സ്ഥിരീകരിക്കുന്നുണ്ട്.

## THE PRACTICE OF ISLAM THROUGH FORCE/ ശക്തി ഉപയോഗിച്ചുള്ള ഇസ്ലാമിക ചര്യ

ആത്മാർത്ഥത, സത്യസന്ധത, സ്വരാജ്യസ്നേഹം, സമാധാനം, മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുക, മറ്റു ഇസ്ലാമിക അധ്യാപനങ്ങളും ഇസ്ലാമിക ഗവൺമെന്റുകളുടെയും നോൺഇസ്ലാമിക് ഗവൺമെന്റുകളുടെയും, മറ്റു ഭരണകൂടങ്ങളുടെയും വമ്പൻ പ്രോജക്ടുകളാണ്. എന്നാൽ അവരെല്ലാം തെറ്റായ രീതിയിലാണ് കാര്യങ്ങൾ മനസ്സിലാക്കിയിരിക്കുന്നത്. കാരണം അവരെല്ലാം ഈ കാര്യത്തിൽ ശക്തി ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ഈ കാലഘട്ടത്തിൽ, അഹ്മദിയ്യ ഭരണാധികാരികൾ ശിക്ഷകളും, നിസ്സഹകരണങ്ങളും, ഭയപ്പെടുത്തലുകളും ആകുന്ന ശക്തി ഉപയോഗിച്ച് ദൈവീക ദൃഷ്ടാന്തത്തിനും ഖലീഫത്തുല്ലാഹ്യ്ക്കുമെതിരിൽ കള്ളാരോപണങ്ങൾ പടച്ചുവിടുന്നു. സത്യാന്വേഷകരെ അദ്ദേഹത്തിൽ നിന്നും അകറ്റി നിർത്തുന്നതിനായി!

നിഷ്ക്കളങ്കരായ ഓരോ അഹ്മദി മുസ്ലിമിനും ദൃഢമായ ബോധ്യമുണ്ട്, അതായത് ഇസ്ലാം ഒരു ദൈവീക മതമാണെന്ന്! അവന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ അവൻ വിശ്വസിക്കുന്നു. അല്ലാഹു ഏകനാണെന്ന് ! മുഹമ്മദ് മുസ്തഫ (സ) ശ്രേഷ്ഠ പ്രവാചകനാണെന്നും ഖാത്തമുന്നബിയ്യീൻ ആണെന്നും ! അഹ്മദി മുസ്ലിംകൾ ദൃഢമായും വിശ്വസിക്കുന്നു. പ്രവാചകത്വത്തിന്റെ വാതിൽ എന്നെന്നും തുറന്നു കിടക്കുന്നതാണെന്നും! ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുടെ ഉമ്മത്തിൽ, അല്ലാഹുവിന്റെ പ്രതിനിധികളെ, ദൂതൻമാരെ, പ്രവാചകന്മാരെ അല്ലാഹു(ത) അയച്ചുകൊണ്ടിരിക്കുന്നതാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ മേധാവിത്വമാകുന്ന പ്രവാചകത്വത്തിന് യാതൊരു വിധ കോട്ടവും സംഭവിക്കാതെ! എന്നാൽ നിഷ്ഠൂരതയാൽ അഹ്മദിയ്യാ അധികാരികൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാ

മിലെ അംഗങ്ങളെയും സത്യാന്വേഷകരെയും അതിനെതിരായി വിശ്വസിപ്പിക്കുവാൻ കിണഞ്ഞു ശ്രമിക്കുകയാണ്. അവർ സമ്മർദ്ദത്തിലാക്കിയും അവരെ ഭയപ്പെടുത്തിയും അവരെ ഭീഷണിപ്പെടുത്തിയും! ഇപ്പോൾ പ്രവാചകത്വത്തിന്റെ വാതിൽ അവരുടെ ചുണ്ടുകളിൽ മാത്രമാണ് തുറന്നു കിടക്കുന്നത്. വിശിഷ്യാ അഹ്മദി മുസ്ലിംകളല്ലാത്തവരുടെ മുമ്പിൽ വാദങ്ങൾക്കുവേണ്ടി മാത്രം. എന്നാൽ വാസ്തവത്തിൽ പ്രവൃത്തിയിൽ, തീർച്ചയായും അവർ ഈ വാതിൽ അടച്ചുകഴിഞ്ഞിരിക്കുന്നു. വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മ്ദ് (അ)ന് ശേഷം, ഇസ്ലാമിക മിസിഹാമാരും അഥവാ പ്രവാചകന്മാരും വരുകിയില്ലതന്നെ! വാഗ്ദത്തമസീഹിന് ശേഷം ഖിലാഫത്തു മാത്രം അവരെ സംബന്ധിച്ചിടത്തോളം, ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഖലീഫമാർ മാത്രം! എല്ലാ കാലത്തേക്കും പ്രസ്തുത ഭരണം തുടരുന്നതാണ്. ഇതാണവരുടെ ദ്വിമാർഗ നിലപാട്! പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യും വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലം അഹ്മദ് (അ) ഉം പഠിപ്പിച്ച അധ്യാപനത്തിന് തികച്ചും എതിരായ സമീപനം.

എങ്ങനെയാണ് ഇത്തരം ഒരു ജമാഅത്തിനെ ഹസ്രത് മസീഹ് മൗഊദ്(അ) ന്റെ ജമാഅത്തെന്ന് അവകാശപ്പെടുവാൻ കഴിയുക? സർവ്വദേശീയമാണെന്നും അന്താരാഷ്ട്രതലത്തിലുള്ളതാണെന്നും, ആഗോളതലത്തിലുള്ളതാണെന്നും അതുമാത്രമല്ല സമാധാന പൂർണ്ണമായതണെന്നും, ആരോടും ഒരു ശത്രുതയുമില്ലെന്നും, സംഘർഷരഹിതമാണെന്നും (എങ്ങനെ പറയുവാൻ കഴിയും)

ഒരു യഥാർത്ഥമതത്തിന്, അതിന് ഒരു സാർവ്വദേശീയ സന്ദേശം ഉണ്ടായിരിക്കെ, അതിന്റെ കീഴിൽ മാനവകുലത്തെ ഒന്നാക്കിത്തീർക്കുവാൻ ശ്രമിക്കവെ, അതിന് ഒരു നിമിഷം പോലും, അതിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ, സമ്മർദ്ദം ചെലുത്തുവാൻ, നിർബന്ധം ചെലുത്തുവാൻ സാധിക്കുകയില്ല. കുറ്റം ആരോപിക്കുക, നിസ്സഹകരണം ഏർപ്പെടുത്തുക, കുടുംബ ബന്ധങ്ങൾക്ക് പോറലേല്പിക്കുക, പിഴചുമത്തുക, ചുരുക്കത്തിൽ സൃഷ്ടികളെ ഭയപ്പെടുത്തിക്കൊണ്ട്, ആയിരക്കണക്കിന്

ആളുകളെ ആക്രമിക്കുവാൻ കഴിയും. എന്നാൽ ഒരു ഹൃദയത്തെയും ആക്രമിച്ചു കീഴ്പ്പെടുത്തുവാൻ കഴിയുകയില്ല. ഈ ഭയം അവന്റെ തല കുനിപ്പിക്കുവാൻ സാധിച്ചെന്നു വരാം. എന്നാൽ അവന്റെ ആത്മീയതയെ കുനിപ്പിക്കുവാൻ സാധിക്കുകയില്ല. അല്ലാഹുവിലേക്കും അവന്റെ തെരഞ്ഞെടുത്ത ദാസനിലേക്കുമുള്ള വഴി (കാലഘട്ടത്തിലെ ദൈവപ്രതിനിധി) അടയ്ക്കുന്നതിനെ ഇസ്ലാം നിരോധിച്ചിരിക്കുന്നു. അതടയ്ക്കുവാനുള്ള സമ്മർദ്ദതന്ത്രങ്ങളെ നിരോധിച്ചിരിക്കുന്നു.

അങ്ങനെ, ഭയപ്പെടുത്തിയുള്ള ഭരണം ആവശ്യമില്ല. സത്യം എവിടെയാണെന്ന് തീരുമാനിക്കുവാനുള്ള അവകാശം ഓരോ മനുഷ്യനുമുണ്ട്. അതവൻ തന്നെയാണ് തീരുമാനിക്കേണ്ടത്. പരിശുദ്ധ പ്രവാചകൻ (സ)യെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു (ത) പറയുകയുണ്ടായി, വിശദീകരിക്കുകയുണ്ടായി. താങ്കൾ കരുതരുത്, അതായത്, ശക്തി ഉപയോഗിച്ച് ഒരു സമുദായത്തെ തങ്ങൾക്ക് സംസ്ക്കരിക്കാമെന്ന് !

ഒരു പോരാട്ടമോ, ഒരതിക്രമമോ പെട്ടെന്നുണ്ടായി എന്ന് കരുതുക, ഒരു പുതിയ ആശയ പ്രചാരണ സമയത്ത്! അങ്ങനെ സംഭവിക്കുകയാണെങ്കിൽ പോലും ഇസ്ലാം (കൂടുതൽ കൃത്യമായി പറഞ്ഞാൽ ജമാഅത്തു സ്സഹീഹിൽ ഇസ്ലാം) അതിന്റെ അനുചരന്മാരോട് ആവശ്യപ്പെടുകയാണ്, അവർ അങ്ങേഅറ്റം ക്ഷമയും സഹനതയും പ്രകടിപ്പിക്കേണ്ടതാണ്. കഴിയുന്നിടത്തോളം അടിപിടി, അക്രമം ഒഴിവാക്കേണ്ടതാണ്. കാരണം ഇസ്ലാമിന്റെ ശക്തികുടികൊള്ളുന്നത് വാദമുഖങ്ങളിലാണ്, പുറമെ വിന്യസിക്കാവുന്ന ഭൗതിക ശക്തിയിലല്ല.

ഇസ്ലാം എന്ന തത്വസംഹിത ഒഴികെ, മറ്റെല്ലാ തത്വസംഹിതകളെയും വാദിച്ചു തോല്പിക്കാവുന്നതാണ്. സഹീഹിൽ ഇസ്ലാം ദൈവീക സഹായത്താൽ നവീകരിക്കപ്പെടുന്ന സഹീഹിൽ ഇസ്ലാം, അതെ, അവന്റെ മതത്തെ അവൻ ശക്തിപ്പെടുത്തുന്നു.അതാണ് ശരിയായ വിശ്വാസ സംഹിത! ദൈവീക പദ്ധതികളല്ലാത്ത മറ്റെല്ലാ പദ്ധതികളും പരാജയപ്പെടുന്നതാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലൂടെ! ഇതു തകരുകയില്ല, വിഫലമാവുകയുമില്ല. മറിച്ച് ഇത് ദുഃശക്തികളെ തകർത്തുതരിപ്പണമാക്കുന്നതാണ്.

ഇൻശാ അല്ലാഹ്! ആമീൻ.

## THE TRUTH ON JIHAD ജിഹാദിന്റെ സത്യാവസ്ഥ

ജിഹാദ് സംബന്ധമായി എന്തെങ്കിലും തെറ്റിദ്ധാരണകൾ ഉണ്ടെങ്കിൽ അത് നീക്കം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മതത്തിന്റെ കാര്യത്തിൽ ഒരുതരത്തിലുള്ള ബലാൽക്കാരവും, സമ്മർദ്ദവും പാടില്ല എന്നും ഇസ്ലാം അത് നിരോധിച്ചിരിക്കുയാണെന്നും ഔദ്യോഗികമായി പ്രഖ്യാപിക്കേണ്ടതാണ്. അതുമാത്രമല്ല നമ്മുടെ അറിവിൽ, പരിശുദ്ധഗ്രന്ഥത്തിലൂടെ, ചിന്താസ്വാതന്ത്ര്യം ഉറപ്പു നല്കുന്ന ഒരേ ഒരു മതം ഇസ്ലാം ആകുന്നു. പ്രസ്തുത ഗ്രന്ഥം ഇത് സംബന്ധമായി പറയുന്നു. ക്ഷേത്രങ്ങളെ നിങ്ങൾ ആദരിക്കുക, ക്രിസ്തീയ ദേവാലയങ്ങളെയും ആദരിക്കുക, മറ്റു മതങ്ങളുടെ അനുയായികൾ ആരാധിക്കുന്ന മഠങ്ങളെയും നിങ്ങൾ ആദരിക്കുക. ഈ ലോകത്തിലെ അധികാരത്തിൽ പിടിച്ചു തൂങ്ങി കിടക്കുവാൻ, യഥാർത്ഥമായ ദൈവീക അധ്യാപനങ്ങളെ കയ്യൊഴിയുന്ന, മുസ്ലിംകൾക്കിടയിൽ അരക്ഷിതാവസ്ഥയും, വിഭാഗീയതയും സൃഷ്ടിക്കുന്ന, അജണ്ടകളുള്ള ഇസ്ലാമിലെ മുല്ലാമാരെയും, ഈ പറയപ്പെട്ട പണ്ഡിതന്മാരെയും, ഇസ്ലാമിനും, പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യ്ക്കും അപമാനം വരുത്തിവെയ്ക്കുന്ന ഇവരുടെ പ്രവർത്തികളെ സമ്പൂർണ്ണമായും, തെറ്റായതാണെന്നും ഇവരുടെ നടപടികളെ തിരസ്ക്കരിക്കുകയും, തള്ളിപ്പറയുകയും ചെയ്യുകയാണ് ഞങ്ങൾ!

കൂടുതൽ മുസ്ലിം വിഭാഗങ്ങളും ഒരു പരിഷ്ക്കർത്താവ് വരുന്നതും കാത്തിരിക്കുകയാണ്. ഇപ്പോഴും ! അല്ലെങ്കിൽ ഒരു മഹ്ദിയെ കാത്തിരിക്കുകയാണ്. അല്ലെങ്കിൽ മിസിഹായെ കാത്തിരിക്കുകയാണ്! അവരുടെ അഭിപ്രായമനുസരിച്ച്, രക്തദാഹിയായ ഒരു ഇമാം മുഹമ്മദാണ് വാഗ്ദത്ത മസീഹ്! അവരുടെ അഭിപ്രായപ്രകാരം മർയം (അ)യുടെ മകൻ ഈസാ (അ) തന്നെ വരണം! ഈ രണ്ടു പേരും കൂടി ഒരുമിച്ച് ഭൂമിയിൽ ചുറ്റികറങ്ങുകയും, ഒരുവൻ മുസ്ലിം ആയിതീരുന്നതിനെ നിരാകരിക്കുകയാണെങ്കിൽ അവനെ വധിക്കുകയും ചെയ്യും. ഈ മുസ്ലിം വിഭാഗങ്ങളുടെ കയ്യിലുള്ള ജിഹാദ് എന്ന ആശയം ഇതാകുന്നു. എന്നാൽ വാഗ്ദത്ത മസീഹ് (അ) യുദ്ധങ്ങൾക്ക് അന്ത്യം കുറിക്കുമെന്ന് പ്രവചനത്തിൽ വന്നിട്ടുണ്ട്.

വാഗ്ദത്ത മസീഹും, മഹ്ദിയും, ഒരാളിന്റെ രണ്ട് സ്ഥാനപ്പേരുകളണ്. കാലത്തിന്റെ ആവശ്യപ്രകാരം പരിശുദ്ധ ഖുർആന്റെ വീണ്ടുമുള്ള വ്യഖാനമാണത്. ജിഹാദ് എന്ന ആശയം മുസ്ലിം ദൈവശാസ്ത്രപണ്ഡിതന്മാർ എന്നുപറയപ്പെടുന്ന മൗലവിമാർ, മറ്റൊരുതരത്തിൽ പറയുന്ന മുല്ലാമാരും വ്യാഖ്യാനിച്ചതും പ്രചരിപ്പിച്ചതും മൊത്തത്തിൽ തെറ്റായിരുന്നു. ലോകത്തിലെ മനുഷ്യരെ വന്യജീവികളാക്കി മാറ്റുകയും എല്ലാ മാനവികഗുണങ്ങളിൽ നിന്നും അവരെ ആട്ടിഓടിക്കുകയും ചെയ്യാമെന്നല്ലാതെ, ഒരു നന്മയും കൊണ്ടുവരാൻ പ്രസ്തുത വ്യഖ്യാനങ്ങൾക്കോ പ്രചരണങ്ങൾക്കോ കഴിഞ്ഞില്ല.

സത്യത്തിൽ, ഇതാണ് ലോകത്ത് സംഭവിച്ചത്. ഇസ്ലാമിന്റെ പ്രാരംഭകാലങ്ങളിൽ പോരാടിയതെന്തിനാണെന്ന് ഈ മൗലവിമാർക്കറിയില്ല. ആയതിനാൽ രഹസ്യമായി പ്രബോധനം ചെയ്യുന്ന, ഈ അപകടകരമായ തത്വസംഹിതകൾ, അനേകം ജീവനെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതേ മൗലവിമാർ ഗവൺമെന്റുദ്യോഗസ്ഥരെ കാണുമ്പോൾ, അവരുടെ മുമ്പിൽ സാഷ്ടാംഗ നമസ്ക്കാരം നടത്തുന്നതുപോലെ കുനിയുന്നവരാണ്. എന്നാൽ അവർ സ്വയം അവർക്കിടയിലായിരിക്കുമ്പോൾ, അവർ പറയുന്നത് രാജ്യം ഒരു യുദ്ധത്തിന്റെ വക്കിലാണ്. വിശ്വാസം സംരക്ഷിക്കുവാനായി, വ്യാപിപ്പിക്കുവാനായി ആയുധമെടുത്തുപോരാടേണ്ടത് അനിവാര്യമാകുന്നു. എന്നാൽ കുറച്ചാളുകൾ ഇതിനെ അനുകൂലിക്കുന്നവരല്ല. എന്നാൽ ബഹുഭൂരിഭാഗവും വിശുദ്ധഖുർആന്റെയും വിശുദ്ധ റസൂൽ(സ)യുടെയും അധ്യാപനത്തിന് വിരുദ്ധമായ ഈ ആശയത്തെ പിന്തുണയ്ക്കുന്നവരാണ്. ഇതിന്, എതിരായയി അഭിപ്രായം പറയുന്നവരെ, അവർ ദജ്ജാൽ എന്ന് മുദ്രകുത്തുന്നു. അപമാനിക്കുന്നു,നിർദ്ദാക്ഷിണ്യം അവരെ വധിക്കേണ്ടതാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഈ വീക്ഷണങ്ങൾ സംബന്ധമായി, ഇതേ വിഷയം സംബന്ധമായി, മുൻപ് ഞാൻ സംസാരിച്ചിട്ടുള്ളതാണ്. അവർ മനസ്സിലാക്കേണ്ട ഒരു കാര്യം വീണ്ടും ഞാൻ ആവർത്തിക്കുന്നു. ജിഹാദ് സംബന്ധമായി അവർ മനസ്സിലാക്കിയ ഈ ആശയം തികച്ചും തെറ്റാണ്. അത് ശരിയായ നിലയിലല്ല അവർ മനസ്സിലാക്കിയത്. അവർ മനസ്സിലാക്കിയ ആശയം തികച്ചും തെറ്റാ

ണ്. അത് ശരിയായ നിലയിലല്ല അവർ മനസ്സിലാക്കിയിരിക്കുന്നത്. തികച്ചും തെറ്റായ നിലയിലാണ് മനസ്സിലാക്കിയിരിക്കുന്നത് എന്ന് വീണ്ടും ഞാൻ അടിവരിയിട്ടു പറയുകയാണ്.

ശരിയായ നിലയിലല്ല എന്നു പറഞ്ഞതിന്റെ ഒന്നാമത്തെ കാരണം ഇത്, മനുഷ്യനിൽ സ്വയമേവ കുടികൊള്ളുന്ന അനുകമ്പയെ അടിച്ചമർത്തുന്നു. ഇസ്ലാമിന്റെ ആദ്യകാലത്ത് ജിഹാദ് അനുവദനീയമാക്കിയ കാര്യത്തെ, ആദിമ മുസ്ലിംകൾ മനസ്സിലാക്കിയിരുന്നതിൽ നിന്നും, തികച്ചും ഭിന്നമായ നിലയിലാണ് ഇപ്പോൾ ഇത് മനസ്സിലാക്കിയിരിക്കുന്നത്, ഇതിന് അവരോട് രണ്ട് ഉത്തരങ്ങൾ പറയുവാനുണ്ട്.

1. പരിശുദ്ധ പ്രവാചകൻ (സ) ഒരിക്കലും ആയുധം എടുത്തിട്ടില്ല, ഇങ്ങോട്ട് ശത്രുക്കൾ ആയുധം പ്രയോഗിച്ചാലല്ലാതെ ! അവർ യാതൊരു തത്വദീക്ഷയുമില്ലാതെ ആയുധമണിയുകയും നിരപരാധികളും സ്വാതികരുമായ പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും അറുകൊല നടത്തിയപ്പോൾ മാത്രമാണ് അതിനെ പ്രതിരോധിക്കാനും നിരപരാധികളെ രക്ഷിക്കുവാനുമായി ആയുധമെടുത്തത്, ദേശീയവും അന്തർദേശീയവുമായ നിയമങ്ങൾ ഇന്ന് നിലവിലുണ്ട്, അതിനുള്ള പേരാണ് സ്വയം പ്രതിരോധം! ഇതാണ് പ്രവാചകൻ (സ) നടത്തിയ ജിഹാദ്! അവർ, മാനവകുലത്തിന്റെ ശത്രുക്കളായവർ, ഇത്തരം ക്രൂരമായ നരഹത്യ നടത്തിയിരുന്നു, ഇന്നും നമുക്ക് ഈ കണ്ണുനീർ ഒഴുകുന്നതു നിർത്തുവാൻ സാധിച്ചിട്ടില്ല.
2. ഒരു നിമിഷം നാമൊന്നാലോചിക്കൂ! ഇസ്ലാമിന്റെ ആരംഭത്തിൽ, അത്തരം ജിഹാദ് നിർബന്ധമായിരുന്നു. കടമയായിരുന്നു. മൗലവിമാർ, ഇതിനെ തെറ്റായി, ഇന്ന് വിശ്വസിക്കുന്നു. ഇന്ന് നമ്മുടെ കാലത്ത് ഇതിന്, യാതൊരു ന്യായീകരണവുമില്ല. നിശ്ചയമായും ഒരു കാര്യം എഴുതപ്പെട്ടിരിക്കുന്നതാണ്, വാഗ്ദത്ത മസീഹ് ആഗതരാകുമ്പോൾ, വാളുകൊണ്ടുള്ള ജിഹാദും മതപരമായ യുദ്ധങ്ങളും അവസാനിപ്പിക്കുന്നതാണ്. കാരണം അദ്ദേഹം വാളിനെ ഉപയോഗിക്കുന്നതല്ല. അല്ലെങ്കിൽ താത്ക്കാലികമായ യാതൊരു ആയുധവും ഉപയോഗിക്കുന്നതല്ല. അദ്ദേഹത്തിന്റെ ഏറ്റവും ശക്തമായ വാള് അദ്ദേഹത്തിന്റെ നിശ്ചയ ദാർഢ്യ

മാകുന്നു. അദ്ദേഹം സമാധാനത്തിന്റെ അസ്ഥിവാരം ഇടുന്നതാണ്. അദ്ദേഹം സിംഹങ്ങളെയും ആടുകളെയും ഒരുമിച്ചു കൂട്ടുന്നതാണ്. അദ്ദേഹത്തിന്റെ കാലം സമാധാനത്തിന്റെയും, ദയയുടെയും മനുഷ്യാനുകമ്പയുടെയും കാലമായിരിക്കും. അപ്പോൾ എന്തുകൊണ്ട ഈ ആളുകൾ ചിന്തിക്കുന്നില്ല്? പതിന്നാലു നൂറ്റാണ്ടുകൾക്ക് മുമ്പ്, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞതിനെപറ്റി, അതായത് വാഗ്ദത്തമസീഹ്(അ)യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതാണ് എന്ന്?

അല്ലയോ,മുസ്ലിം ദൈവശാസ്ത്രജ്ഞന്മാരെ! മൗലവിമാരെ ഞാൻ പറയുന്നത് ശ്രദ്ധിക്കു! വിശ്വാസത്തിന്റെ പേരിൽ നാം പരസ്പരം പോരാടേണ്ട സമയമല്ലിത്! പരിശുദ്ധ പ്രവാചകൻ (സ)യെ ധിക്കരിക്കരുത്. അനുസരിക്കാതിരിക്കരുത് ഇസ്ലാമിക ശരീരത്തെ പിച്ചിച്ചീന്തരുത്! ഇസ്ലാമിക വിശ്വാസം ആവശ്യപ്പെടുന്നത്, ഐക്യവും അല്ലാഹുവിന്റെ ഏകത്വത്തിലുള്ള അചഞ്ചലമായ വിശ്വാസവുമാണ്. അല്ലാഹു(ത) സമാനതകളില്ലാത്തവനാണ്. എല്ലാ സാഹചര്യത്തിലും നാം ആവശ്യപ്പെടേണ്ടത് അവന്റെ സഹായം മാത്രമാണ്. ഇസ്ലാം എന്നത് ഒരു രാജ്യമല്ല, പ്രത്യേകിച്ച് ഒരു വ്യക്തിയുമല്ല. ഇസ്ലാം എന്നത് സൗദിഅറേബ്യ അല്ല, അല്ലെങ്കിൽ പാക്കിസ്ഥാൻ അല്ല, അല്ലെങ്കിൽ ഇൻഡ്യ അല്ല. അല്ലെങ്കിൽ ദശലക്ഷക്കണക്കിനാളുകളുള്ള നിങ്ങളാകുന്നു. അത് ഞാനാകുന്നു. നാമെല്ലാം ചേർന്ന് ഒറ്റ ശരീരമായി മാറുമ്പോൾ അല്ലാഹുവിനായി നാം ഒരാത്മാവായി മാറുമ്പോൾ, സംതൃപ്തിയോടെ സന്തോഷത്തോടെ, അവന്റെ സ്നേഹം അന്വേഷിക്കുമ്പോൾ, (അതാണ് ഇസ്ലാം)

വാളുകൊണ്ടുള്ള ജിഹാദും, എല്ലാ മതപരവുമായ യുദ്ധങ്ങളും തീർച്ചായും അവസാനിപ്പിക്കേണ്ടതു തന്നെയാണ്. സ്വയം പ്രതിരോധം തീർച്ചയായും നിലനില്ക്കുന്നതാണ് ! അതായത് പരിധികൾ അതിലംഘിക്കുമ്പോൾ, നിങ്ങളുടെ ജീവൻ അപകടത്തിലാകുമ്പോൾ, ഇസ്ലാമിന്റെ ശത്രുക്കളാൽ നിങ്ങളുടെ ജീവൻ തുലാസ്സിലാകുമ്പോൾ, ഒരു മുസ്ലിം എന്നപേരിലുള്ള നിങ്ങളുടെ സഹോദരന്റെ കരങ്ങൾ കൊണ്ടാണെങ്കിലും ശരി, അവൻ നിയമത്തെ അനുസരിക്കാത്തവനായിരിക്കെ, നിങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ നിങ്ങളെ ഉപദ്രവിക്കുവാൻ അവൻ തയ്യാറാകുമ്പോൾ, അപ്പോൾ,

ഈ സാഹചര്യത്തിൽ, നിങ്ങൾക്ക് പ്രതി ക്രിയ/പകരം ചെയ്യാവുന്നതാണ്. അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് നിങ്ങൾക്ക് പ്രതിരോധിക്കാവുന്നതാണ്.

അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധം/പോരാട്ടം ഒരു രീതിയിലും ഇന്ന് ചില തീവ്രവാദികൾ ചെയ്യുന്നതുപോലെ, ചാവേറാക്രമണത്തിലൂടെ ചെയ്യുവാൻ പാടുള്ളതല്ല. അതിലൂടെ അല്ലാഹുവിന്റെ കല്പനയ്ക്കും പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)യുടെ അധ്യാപനത്തിനും വിപരീതം പ്രവർത്തിക്കുന്നതവരാണവർ. ആത്മഹത്യ ഇസ്ലാം നിന്ദ്യമായ കാര്യമാക്കിയുള്ളതാകുന്നു. സ്വർഗ്ഗീയാരാമം ഇവർക്കായി കാത്തിരിക്കുന്നതല്ല, മറിച്ച് അവരെ കാത്തിരിക്കുന്നത് നരകമാകുന്നു. ഇത് നല്ല നിലയിൽ മനസ്സിലാക്കുവാൻ അല്ലാഹു(ത) മുസ്ലിം സമുദായത്തെ മൊത്തത്തിൽ സഹായിക്കട്ടെ! എന്നിട്ടവർ അനുവദിക്കപ്പെട്ട പരിധിക്കുള്ളിൽ നില്ക്കട്ടെ. ആമീൻ

ഈ വിഷയം വളരെ വിശാലമായാതാണ്. കുറച്ച് കഴിഞ്ഞ് ഞാൻ ഈ വിഷയത്തിലേക്ക് തന്നെ മടങ്ങിവരുന്നതാണ്. ഇൻശാ അല്ലാഹ് നമ്മുടെ മേൽ അല്ലാഹു(ത) കരുണകാണിക്കട്ടെ! ഇസ്ലാമിനെ ശക്തിപ്പെടുത്തുവാനായി നമുക്കെല്ലാവർക്കും ഒരുമിക്കുവാനുള്ള ധൈര്യവും ബുദ്ധിയും അല്ലാഹു(ത) പ്രദാനം ചെയ്യട്ടെ! അങ്ങനെ അല്ലാഹു(ത) യുടെ കല്പനകളെ, യഥാർത്ഥ അധ്യാപനങ്ങളെ ലോകത്തിന് പകർന്നു നല്കാം. ഇൻശാ അല്ലാഹ് ആമീൻ!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*